# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3959** — **12/12/2018-ൽ മറുപടിക്ക്**

## മാരകരോഗങ്ങൾ കണ്ടുപിടിക്കുന്നതിന് ലെവൽ 2 വൈറോളജി ലാബുകൾ

**ചോദ്യം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, വി.ഡി. സതീശൻ**
**,, ഹൈബി ഈഡൻ**
**,, അടൂർ പ്രകാശ്**

എ) ആരോഗ്യ രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനം വളരെ മുന്നിലാണെങ്കിലും സംസ്ഥാനത്ത് നിന്ന് തുടച്ച് നീക്കിയെന്ന് അവകാശപ്പെട്ട പല രോഗങ്ങളും മടങ്ങി വരുന്നതും നിപ, കരിമ്പനി തുടങ്ങിയ മാരകരോഗങ്ങൾ ജനങ്ങളെ ബാധിക്കുന്നതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭീഷണി നേരിടുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) & ബി) തുടച്ചുനീക്കപ്പെട്ട രോഗങ്ങളൊന്നും തന്നെ സംസ്ഥാനത്ത് തിരിച്ച് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിപ, കരിമ്പനി തുടങ്ങിയ മാരക രോഗങ്ങൾ ജനങ്ങളെ ബാധിക്കുന്നത് ഗൗരവമായി കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിപ പ്രതിരോധത്തിനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജാഗ്രതാ-നിർദ്ദേശം നൽകിയിട്ടുണ്ട്

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ, കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും കഴിക്കാതിരിക്കുക.
- ഉപയോഗത്തിനു മുൻപ് പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകുക.
- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യുക

ശ്വസന സംബന്ധമായ രോഗ ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും സംരക്ഷണ മാസ്ക് നൽകുന്നതിനും, ഇതിനായി 'കഫ് കോർണറുകൾ' പ്രവർത്തനക്ഷമമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ചുമയ്ക്കുകയോ , തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൊണ്ട് മറയ്ക്കുന്നതിനും, ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുന്നതിനും, രോഗികളുമായി ഇടപെടേണ്ടി വരുമ്പോൾ മുൻകരുതലുകൾ [illegible] ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള

നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അതിനാവശ്യമായ സാധന സാമഗ്രികളും, ആവശ്യമായ പരിശീലനവും അടിയന്തരമായി നൽകുന്നതിനും എല്ലാ സൂപ്രണ്ടുമാർ/ ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കരിമ്പനി (കാലാ അസർ) രോഗ സാധ്യത നിലനിൽക്കുന്ന പ്രദേശങ്ങൾ (ഹോട്ട്സ്പോട്ട്സ്) കണ്ടെത്തി അവിടെ രോഗ നിരീക്ഷണ സംവിധാനവും, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നു. ഈ രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികളെയും, സമീപവാസികളെയും ആർ.കെ 39 കിറ്റുകൾ ഉപയോഗിച്ച് രോഗനിർണ്ണയം നടത്തി വരുന്നു. രോഗ ചികിത്സയ്ക്ക് ആവശ്യമായ ഇൻജക്ഷൻ ലിപ്പോസോമൽ ആംഫോട്ടെറീസിൻ ബി & മിൽറ്റി ഫോസിൽ ആവശ്യാനുസരണം ലഭ്യമായിട്ടുണ്ട്. രോഗം പരത്തുന്ന 'സാന്റ്ഫ്ലൈ' കൂടുതലായി കാണുന്ന പ്രദേശങ്ങളുടെ മാപ്പിംഗ് നടത്തി അവിടെ ബോധവത്ക്കരണവും, സംയോജിത പ്രാണി നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നു. ഇതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലേയും ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

**സി)** നിപ പോലുള്ള മാരക വൈറസുകളെ കണ്ടുപിടിക്കുന്നതിന് ലെവൽ 2 വൈറോളജി ലാബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**സി)** ബയോസേഫ്റ്റി ലവൽ-2 വൈറോളജി ലാബുകൾ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലും സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇത് സജ്ജമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിപ തുടങ്ങിയ മാരകരോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സാംപിളുകൾ Inactivation process കൂടി ഉൾപ്പെടുത്തിയാൽ ഈ രോഗാണുക്കളെ കണ്ടുപിടിക്കാനുള്ള സീറോളജി, മോളിക്കുലാർ (Molecular) ടെസ്റ്റുകൾ

| | | | |
|---|---|---|---|
| | | | ബയോസേഫ്റ്റി ലവൽ-2 ൽ ചെയ്യാവുന്നതാണ്. |
| ഡി) | അടുത്ത വർഷം വീണ്ടും നിപ വൈറസ് ബാധ ഉണ്ടാകാനുള്ള സാധ്യത നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെ പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ? | ഡി) | സാധ്യത തള്ളിക്കളയാനാവില്ല എന്നിരുന്നാലും വവ്വാലുകളുടെ പ്രജനനകാലം ഡിസംബർ മുതൽ മേയ് മാസം വരെയാകയാൽ ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ആരോഗ്യവകുപ്പ് തയ്യാറായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**